(ഡി) എത്ര ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റിയിട്ടുണ്ട്;

34 സ്കൂളുകളിൽ ഹൈടെക് ക്ലാസ്സ് മുറികൾ സജ്ജീകരിച്ചിട്ടുണ്ട്.

(ഇ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഹൈടെക് ക്ലാസ് മുറികൾ സജ്ജമാക്കു ന്നതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിലെ 34 സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ - ഹൈടെക് ലാബ് പദ്ധതികൾക്കായി 2,75,22,610 രൂപ കിഫ്ബി മുഖേന ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2-ൽ ചേർത്തിട്ടുണ്ട് . *

**പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങൾ**

182(1274) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങളായ എസ്.സി.ഇ.ആർ.റ്റി., സീമാറ്റ്, എസ്.ഐ.ഇ.റ്റി, കൈറ്റ് എന്നിവയുടെ ചുമതലകൾ എന്തൊക്കെയാണ് ?

എസ്.സി.ഇ.ആർ.ടി. : സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്കാകെ അക്കാദമികവും ഗവേഷണ വ്യാപനവും പരിശീലനവും നൽകുക, സ്കൂൾ വിദ്യാഭ്യാസ വുമായി ബന്ധപ്പെട്ട നയരൂപീകരണം, വിവിധ പദ്ധതികൾ നടപ്പിൽ വരുത്തൽ എന്നിവയിൽ വിദ്യാഭ്യാസ വകുപ്പിനും ഗവൺമെന്റിനും ആവശ്യമായ ഉപദേശവും സഹായവും നൽകുക, സ്കൂൾ വിദ്യാഭ്യാസ മേഖലയുടെ നിലവാരം വികസിപ്പി ക്കുന്നതിനായി, പാഠ്യപദ്ധതിയുടെ ഉള്ളടക്കം, പ്രക്രിയ, പ്രവർത്തന മേഖല, എന്നീ കാര്യങ്ങളിൽ ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക, വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, ഡയറ്റ് എന്നിവയുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, സംസ്ഥാനത്തെ സെക്കണ്ടറി, ഹയർ സെക്കണ്ടറി തലങ്ങളിലുള്ള സ്ഥാപനങ്ങളുടെ നിലവാര വികസനത്തിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സഹായവും നൽകുക, സർവ്വീസ് പ്രവേശനത്തിനുമുമ്പുള്ള അദ്ധ്യാപക പരിശീലനം, സർവ്വീസിൽ തുടരുന്ന അദ്ധ്യാപകർക്കുള്ള തുടർ പരിശീലനം, പരിശീലനം ലഭിച്ചിട്ടില്ലാത്ത അദ്ധ്യാപകർക്കുള്ള പരിശീലനം എന്നിവ ആസൂത്രണം ചെയ്യുകയും നടപ്പിൽ വരുത്തുകയും ചെയ്യുക, പ്രീപ്രൈമറി തലം മുതൽ ഹയർസെക്കണ്ടറി തലംവരെയുള്ള വിദ്യാഭ്യാസം ഗുണമേന്മയുള്ള താക്കുന്നതിനുള്ള നയരൂപീകരണത്തിൽ സർക്കാരിനെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉപദേശിക്കുക, അക്കാദമിക കാര്യങ്ങളിൽ സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക, പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ മാറ്റങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ നയത്തിലും കാഴ്ചപ്പാടിലും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും അതിന് അനുസൃതമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിന് നേതൃത്വം വഹിക്കുകയും ചെയ്യുക, പ്രീപ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പഠനങ്ങളുടെയും ഗവേഷണങ്ങളുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തുകയും നടപ്പിലാക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്യുക.

<u>സീമാറ്റ്</u> : കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നേതൃസ്ഥാനം വഹിക്കുന്ന വിവിധ മേധാവികൾക്കും, പ്രഥമാദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും അനുബന്ധ വിഭാഗങ്ങൾക്കും അക്കാദമിക- ഭരണനിർവ്വഹണ കാര്യങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകി വിദ്യാഭ്യാസ രംഗത്തെ ചലനാത്മകവും പുരോഗമ നാത്മകവുമാക്കി മികവിലേയ്ക്കുയർത്തുക, വിദ്യാഭ്യാസാസൂത്രണത്തിനും നിർവ്വഹണത്തിനും സഹായകമായ ഫലപ്രാപ്തി പഠനങ്ങളും സൂക്ഷ്മാസൂത്രണവും ഗവേഷണവും നടത്തുക, കൈപ്പുസ്തകങ്ങൾ അടക്കമുള്ളവ പ്രസിദ്ധീകരിക്കുക, വിദ്യാഭ്യാസാസൂത്രണവും ഗവേഷണവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുക, വിവരശേഖരണങ്ങൾ നടത്തുക, കാര്യക്ഷമമായ വിദ്യാഭ്യാസ മാനേജ്മെൻറ് സംവിധാനം നടപ്പിലാക്കാനാവശ്യമായ നൂതനാശയങ്ങൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെ വികസിപ്പിക്കുക, അവ ക്രോഡീകരിച്ച് വിദ്യാഭ്യാസ മാനേജ്മെൻറ് നയരൂപീകരണ പ്രക്രിയയ്ക്ക് ലഭ്യമാക്കുക, വിദ്യാഭ്യാസ മാനേജ്മെന്റ് പ്രോഗ്രാമുകളുടെ സമയബന്ധിതമായ വിലയിരുത്തൽ നടത്തുക.

<u>എസ്.ഐ.ഇ.റ്റി.</u> : പഠനബോധന പ്രക്രിയയിൽ സഹായകരമായി ഡിജിറ്റൽ ഉള്ളടക്കങ്ങൾ (വീഡിയോകൾ, അനിമേഷനുകൾ, സോഫ്റ്റ്‌വെയറുകൾ തുടങ്ങിയവ) നിർമ്മിക്കുക, ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണത്തിൽ അദ്ധ്യാപകരെ ശാക്തീകരിക്കുക, പാഠ്യസംബന്ധമായ ഉള്ളടക്കങ്ങൾ നിർമ്മിക്കുക, ടാലന്റ് ഫണ്ട് പോലുള്ള പ്രതിഭാ പോഷണ പരിപാടികൾ സംഘടിപ്പിക്കുക, ശാസ്ത്ര പ്രതിഭകളായ കുട്ടികൾക്കായി സവിശേഷമായ പ്രവർത്തനങ്ങൾ നടത്തുക, വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് പിൻതുണ നൽകുക, വിദ്യാഭ്യാസ സാങ്കേതികവിദ്യ സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുക, ഗവേഷണ പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുക, അദ്ധ്യാപകർക്കായി രൂപീകരിക്കപ്പെട്ട എഡ്യൂക്കേഷണൽ ടെക്നോളജി ക്ലബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാനോ ടെക്നോളജി, ബയോ ഇൻഫോർമാറ്റിക്സ് തുടങ്ങിയ നവ സാങ്കേതിക വിദ്യകളിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

കൈറ്റ് : സംസ്ഥാനത്തെ സർക്കാർ, എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിന് ഐ.ടി. ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വിദ്യാഭ്യാസ വകുപ്പിന്റെ കാര്യക്ഷമത പരിപോഷണം (Capacity Building),ഡിജിറ്റൽ വിഭവ നിർമ്മാണം, കണക്ടിവിറ്റി, ഇ-ലേണിംഗ്, സപ്പോർട്ട്&മെയിന്റനൻസ്, ഇ-ഗവേണൻസ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുക. സർക്കാർ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ, വിഭവങ്ങൾ, കരിക്കുലം, ബോധനശാസ്ത്രം എന്നിവയുടെ അപ്ഗ്രഡേഷൻ ചെയ്യുക, സംസ്ഥാന വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ഐ.സി.ടി. ഒരു ഉപകരണം എന്ന നിലയിൽ പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക, വിദ്യാഭ്യാസ മേഖലയിൽ (സർക്കാർ തലത്തിലും പ്രൈവറ്റ് മേഖലയിലും) ഗുണപരമായ മാറ്റങ്ങൾക്ക് ഐ.സി.ടി. സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന് അഡ്വൈസർ/കൺസൾട്ടന്റ് ആയി പ്രവർത്തിക്കുക, കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നേതൃസ്ഥാനം വഹിക്കുന്ന വിവിധ മേധാവികൾക്കും, പ്രഥമാദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും അനുബന്ധ വിഭാഗങ്ങൾക്കും അക്കാദമിക- ഭരണനിർവ്വഹണ കാര്യങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകി വിദ്യാഭ്യാസ രംഗത്തെ ചലനാത്മകവും പുരോഗമനാത്മകവുമാക്കി മികവിലേയ്ക്കുയർത്തുക, വിദ്യാഭ്യാസാസൂത്രണത്തിനും നിർവ്വഹണത്തിനും സഹായകമായ ഫലപ്രാപ്തി പഠനങ്ങളും സൂക്ഷ്മാസൂത്രണവും ഗവേഷണവും നടത്തുക, കൈപ്പുസ്തകങ്ങൾ അടക്കമുള്ളവ പ്രസിദ്ധീകരിക്കുക, വിദ്യാഭ്യാസാ സൂത്രണവും ഗവേഷണവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുക, വിവര ശേഖരണങ്ങൾ നടത്തുക, കാര്യക്ഷമമായ വിദ്യാഭ്യാസ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കാനാവശ്യമായ നൂതനാശയങ്ങൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെ വികസിപ്പിക്കുക, അവ ക്രോഡീകരിച്ച് വിദ്യാഭ്യാസ നയരൂപീകരണ പ്രക്രിയയ്ക്ക് ലഭ്യമാക്കുക, വിദ്യാഭ്യാസ മാനേജ്മെൻറ് പ്രോഗ്രാമുകളുടെ സമയബന്ധിതമായ വിലയിരുത്തൽ നടത്തുക.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ചുമതലകൾ പുനർനിർണ്ണയം ചെയ്യുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഇല്ല.

(സി) എസ്.സി.ഇ.ആർ.റ്റി.-യെ അക്കാദമിക് വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ഒരു സ്വയംഭരണ സ്ഥാപനം ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

എസ്.സി.ഇ.ആർ.ടി. നിലവിൽ ഒരു അക്കാദമിക് സ്വയംഭരണ സ്ഥാപനമാണ്.

LIBRARY ARCHIVES Kerala Legislative Assembly